LIBRARY ARCHIVES Kerala Legislative Assembly

തെങ്ങിനെ ബാധിക്കുന്ന മണ്ഡരി രോഗം

229 (4311) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് താലൂക്കിലെ തെങ്ങുകൾക്ക് ബാധിച്ച മണ്ഡരി രോഗത്തെ സംബന്ധിച്ച് എന്തെങ്കിലും കണക്കുകളുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) ഈ രോഗത്തിനെതിരെ കൃഷി ഭവൻ വഴി എന്തെങ്കിലും പ്രതിരോധ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) മുറിച്ചുമാറ്റുന്ന തെങ്ങുകൾക്ക് പകരം ഉടമസ്ഥന് ധനസഹായം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതിയ ഇനം തെങ്ങുകൾ വച്ച് പിടിപ്പിക്കുന്നതിന് കൃഷി ഭവൻ വഴി എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചിറയിൻകീഴ് താലൂക്കിനെ സംബന്ധിച്ച പ്രത്യേക കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ബി) കൃഷി വകുപ്പിന്റെ മണ്ഡരി നിയന്ത്രണ പദ്ധതി പ്രകാരം 1998-99 മുതൽ 2004-06 വരെ മരുന്ന് തളി നടത്തിയിരുന്നു. രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനായി സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങളും ജൈവ കൃഷി രീതിയും പ്രോത്സാഹിപ്പിച്ചുവരുന്നു. ഇപ്പോൾ മണ്ഡരി കീടബാധ സംസ്ഥാനത്ത് നിയന്ത്രണവിധേയമായിട്ടുണ്ട്.

(സി) തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി പ്രകാരം മുറിച്ചുമാറ്റുന്ന തെങ്ങുകൾക്ക് പകരം കർഷകന് ധനസഹായം നൽകുന്നുണ്ട്.

(ഡി) തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി പ്രകാരം വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് പകരം സ്ഥലമുണ്ടെങ്കിൽ മാത്രം തെങ്ങിൻ തൈകൾ കർഷകർക്ക് നൽകുന്നു. ഒരു തൈയ്ക്ക് 20 രൂപ സബ്സിഡി ലഭ്യമാക്കുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിലെ ഫാമുകളിലും നഴ്സറികളിലും ഉൽപ്പാദിപ്പിച്ച തെങ്ങിൻ തൈകൾ കൃഷിഭവൻ തലത്തിൽ കർഷകർക്ക് വിതരണം നടത്തുവാൻ ലഭ്യമാക്കിയിട്ടുണ്ട്.

ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ പുനരുദ്ധാരണം

230 (4320) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പുനരുദ്ധാരണ പ്രോജക്ട് ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ ;

(സി) നെല്ലിയാമ്പതിയിലെ ഫ്രൂട്ട് പ്രോസസിംഗ് പ്ലാന്റിനെ ആധുനിക വൽക്കരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ ; ഇതിലൂടെ എത്ര തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ പുനരുദ്ധാരണത്തിനായി കൃഷി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള നെല്ലിയാമ്പതി പ്ലാന്റേഷൻ കോർപ്പറേഷൻ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഫാമിന്റെ പുനരുദ്ധാരണ പ്രവർത്തനം രണ്ടു ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഫാമിലെ ഫ്രൂട്ട് പ്രോസസിംഗ് പ്ലാന്റിനെ ആധുനികവൽക്കരിക്കുന്നതിനും പാഷൻ ഫ്രൂട്ടിന്റെയും മറ്റു ഫല വൃക്ഷങ്ങളുടെയും വിസ്തൃതി കൂട്ടുന്നതിനും മൈനർ ഫ്രൂട്ട് പ്ലാന്റ്സിനായുള്ള മോഡൽ നഴ്സറി സ്ഥാപിക്കുന്നതിനും ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും ജീവനക്കാരുടെയും തൊഴിലാളികളുടെയും ക്വാർട്ടേഴ്സ് നവീകരിക്കുന്നതിനും, അത്യാധുനിക ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ പുതുക്കുന്നതിനും ഫാമിന് ആവശ്യമായ മെഷിനറികൾ വാങ്ങുന്നതിനും നിലവിൽ കൃഷി ഉള്ള സ്ഥലത്തിനു ചുറ്റും ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുമാണ് ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ ഫാമിന് ചുറ്റും ഫെൻസിംഗ് സ്ഥാപിക്കുന്നതിനും ഔഷധ സസ്യ കൃഷി, തേനീച്ച വളർത്തൽ, മത്സ്യകൃഷി എന്നിവ ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു. 2010-11 വർഷത്തിൽ കൃഷി വകുപ്പിൽനിന്നും 89.15 ലക്ഷം രൂപയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽനിന്നും മോഡൽ ഫ്ളോറികൾച്ചർ യൂണിറ്റിനായി 70 ലക്ഷം രൂപയും മൈനർ ഫ്രൂട്ട്സിന്റെ നഴ്സറിക്കായി 18 ലക്ഷം രൂപയും അനുവദിച്ചു. ഫാമിനെ ഒരു ദേശീയ ഹോർട്ടികൾച്ചർ സ്ഥാപനമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഫാമിന്റെ പുനരുദ്ധാരണ പ്രോജക്ട്, കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നിവ വഴിയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ പദ്ധതികൾ നോർത്ത് ഈസ്റ്റേൺ റീജിയൺ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് കോർപ്പറേഷന്റെ സഹകരണത്തിലുമാണ് നടപ്പിലാക്കുന്നത്.

(സി) നെല്ലിയാമ്പതിയിലെ ഫ്രൂട്ട് പ്രോസസിംഗ് പ്ലാന്റിനെ ആധുനികവൽക്കരിക്കുന്നതിനും പാഷൻ ഫ്രൂട്ട് കൃഷിയുടെ വിസ്തൃതി കൂട്ടുന്നതിനുമായി 175 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് ആർ.ഐ.ഡി.എഫ്. XVI-ൽ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഇപ്പോൾ ഉള്ള ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റ് ആധുനികവൽക്കരിക്കുന്നതിന് (പുതിയ കെട്ടിടം, സെമി ഓട്ടോമാറ്റിക് ഫുഡ് പ്രോസസിംഗ് യൂണിറ്റ്) 59 ലക്ഷം രൂപയും,

LIBRARY ARCHIVES Kerala Legislative Assembly

പ്രാഷൻ ഗ്രൂട്ടിന്റെ കൃഷി വികസിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് 112 ലക്ഷം രൂപയും മറ്റു ചെലവുകൾക്കായി 4 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. പുതിയ പ്ലാന്റ് സ്ഥാപിച്ചുകഴിയുമ്പോൾ ഇപ്പോഴുള്ള പ്രതിദിന ഉല്പാദനമായ 100 കി.ഗ്രാമിൽനിന്നും 1000 കി.ഗ്രാമായി ഉയർത്തുവാൻ കഴിയുന്നതും തൊഴിൽ ദിനങ്ങൾ 150-ൽ നിന്നും 210 ദിവസമായി വർദ്ധിക്കുന്നതുമാണ്. പ്രതിവർഷം 15000 തൊഴിൽ ദിനങ്ങൾ അധികമായി സൃഷ്ടിക്കുവാൻ കഴിയും എന്ന് കരുതുന്നു.

പ്ലാന്റേഷൻ കോർപ്പറേഷനുകൾ

231 (4321) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള കമ്പനികൾ വൻനഷ്ടത്തിലാണെന്ന് സി.എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) തോട്ടങ്ങളിൽ വ്യാപകമായി ഭൂമി കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടെന്ന സി. എ.ജി.-യുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി വീണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ 11 എസ്റ്റേറ്റുകളും 4 ഫാക്ടറികളും നടത്തിവരുന്ന ഒരു കമ്പനിയാണ്. പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ വേറെ കമ്പനികൾ പ്രവർത്തിക്കുന്നില്ല. പ്ലാന്റേഷൻ കോർപ്പറേഷൻ മൊത്തതിലോ ഏതെങ്കിലും എസ്റ്റേറ്റോ ഫാക്ടറി മാത്രമായോ നഷ്ടത്തിലാണെന്ന് സി&എ.ജി. യുടെ റിപ്പോർട്ടിൽ പറയുന്നില്ല.

(ബി) പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് എസ്റ്റേറ്റിൽ 581 ഹെക്ടറോളം സർവ്വേയ്ക്ക് പട്ടയം ലഭിക്കാത്തത് ഭൂമി കൈയ്യേറ്റത്തിനെ പ്രോത്സാഹിപ്പിക്കുന്നതാണെന്ന് 2005-ൽ എ.ജി.യുടെ ഓഡിറ്റ് കാറിയിൽ പരാമർശിച്ചിരുന്നു. കോർപ്പറേഷന്റെ ഭാഗത്തുനിന്നും തുടക്കം മുതൽ തന്നെ പട്ടയം കിട്ടുന്നതിനുവേണ്ട ശ്രമങ്ങൾ നടത്തിവരുന്നതായും എ.ജി. ഓഡിറ്റിൽ പരാമർശിച്ചിട്ടുണ്ട്.

(സി) കാസർഗോഡ് എസ്റ്റേറ്റിൽ എല്ലാ ഡിവിഷനുകളിലും ഏറ്റെടുത്ത വാച്ച് ചെയ്യാനായി നടപടികൾ എടുത്തിട്ടുണ്ട്. കയ്യേറ്റ ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പോലീസിൽ പരാതികൾ കൊടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് പ്രസ്തുത ശ്രമങ്ങൾ വിഫലപ്പെടുത്താൻ ശ്രദ്ധിക്കുന്നുണ്ട്. കൂടാതെ കോടതി നടപടികൾ വേണ്ട സന്ദർഭങ്ങളിൽ സിവിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly